# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 783 08.03.2012 ൽ മറുപടിക്ക്**

**മുല്ലപ്പെരിയാർ പ്രശ്നത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ**

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്:
ശ്രീ.കെ. വി. വിജയദാസ്:
ശ്രീ പി. ശ്രീരാമകൃഷ്ണൻ :
ശ്രീ സി. കെ. സദാശിവൻ:

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവവകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇതിനകം സ്വീകരിച്ച നടപടികളെ സംബന്ധിച്ച് അവലോകനം നടത്തുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ; | (എ) ഉണ്ട്. മുല്ലപ്പെരിയാർ കേസ് ഓരോ പ്രാവശ്യവും സുപ്രീംകോടതിയിലും, എംപവേർഡ് കമ്മിറ്റിക്കും മുൻപാകെ വരുമ്പോൾ കേരളത്തിനു വേണ്ടി സുപ്രീംകോടതി യിൽ പ്രസ്തുത കേസ് വാദിക്കുന്ന മുതിർന്ന അഭിഭാഷകരുമായി കൂടിയാലോചിച്ച്, affidavit സമർപ്പിക്കുകയും, ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എംപവേർഡ് കമ്മിറ്റി നിർദ്ദേശിക്കുന്ന ഓരോ ടെസ്റ്റുകൾക്കും വേണ്ട സഹായ സഹകരണങ്ങൾ കേരളം നൽകി വരുന്നുണ്ട്. |
| (ബി) കേരള ഹൈക്കോടതിയിൽ അഡ്വക്കേറ്റ് ജനറൽ നടത്തിയ അഭിപ്രായം തമിഴ്നാട് തങ്ങൾക്കനുകൂലമായി സുപ്രീംകോടതിയിലുൾപ്പെടെ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടി | (ബി) ഇല്ല |

| | |
|---|---|
| ട്ടുണ്ടോ ; ഇതിനിടയായ സാഹചര്യം എന്തായിരുന്നു ; | |
| (സി) മുല്ലപ്പെരിയാറിൽ അടിക്കടി ഉണ്ടാകുന്ന ഭൂകമ്പങ്ങൾ ജനങ്ങളിൽ ഭീതി ഉളവാക്കുന്നതും ജീവന്റേയും സ്വത്തിന്റെയും കാര്യത്തിൽ ജനങ്ങൾ ഭയവിഹ്വലരായി കഴിയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട് |
| (ഡി) മുല്ലപ്പെരിയാർ പ്രശ്നത്തിൽ സ്വീകരിക്കേണ്ടതായ തുടർ നടപടികൾ വിശദമാക്കാമോ ? | (ഡി) എംപവേർഡ് കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ